REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 19-03-2026 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **സംസ്ഥാനത്തെ നിയമസഭാ തിരഞ്ഞെടുപ്പിന് 39 പേരടങ്ങിയ രണ്ടാം ഘട്ട സ്ഥാനാർത്ഥി പട്ടിക BJP പുറത്തിറക്കി.**
- **കോൺഗ്രസിന്റെ സ്ഥാനാർത്ഥി പട്ടിക ഉച്ചകഴിഞ്ഞ് പ്രഖ്യാപിച്ചേക്കും.**
- **ധർമ്മടം മണ്ഡലത്തിൽ നിന്ന് LDF സ്ഥാനാർഥിയായി പിണറായി വിജയൻ നാമനിർദ്ദേശ പത്രിക സമർപ്പിച്ചു.**
- **നിയമസഭാ തിരഞ്ഞെടുപ്പിൽ വീട്ടിൽ വോട്ടു ചെയ്യുന്നവർക്ക് അപേക്ഷ നൽകാൻ സമയപരിധി നാളെ അവസാനിക്കും.**
- **കൊല്ലത്തെ ഡോക്ടർ വന്ദനദാസ് വധക്കേസിൽ ശിക്ഷാവിധി അൽപ്പസമയത്തിനകം.**

## വാർത്തകൾ വിശദമായി

സംസ്ഥാനത്തെ നിയമസഭാ തിരഞ്ഞെടുപ്പിന് 39 പേരടങ്ങിയ രണ്ടാം ഘട്ട സ്ഥാനാർത്ഥി പട്ടിക BJP പുറത്തിറക്കി. ന്യൂഡൽഹിയിൽ ചേർന്ന കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മിറ്റി യോഗമാണ് പട്ടിക അംഗീകരിച്ചത്.

മുൻ സംസ്ഥാന പ്രസിഡണ്ട് കുമ്മനം രാജശേഖരൻ ആറന്മുളയിൽ മത്സരിക്കും. കാസർകോട്- അശ്വിനി ML ഉം, കോങ്ങാട് രേണു സുരേഷും, ചങ്ങനാശ്ശേരിയിൽ B രാധാകൃഷ്ണ മേനോനും മത്സരിക്കും. ഈ ആഴ്ച ആദ്യം 47 സ്ഥാനാർത്ഥികളുടെ ആദ്യ പട്ടിക പാർട്ടി പുറത്തിറക്കിയിരുന്നു.

✪✪✪

വിവിധ സംസ്ഥാനങ്ങളിലെ ഉപതിരഞ്ഞെടുപ്പിന് സ്ഥാനാർത്ഥികളെ BJP പ്രഖ്യാപിച്ചു. ഗോവ, നാഗാലാന്റ്, കർണാടക, ത്രിപുര സംസ്ഥാനങ്ങളിലെ നിയമസഭാ ഉപതിരഞ്ഞെടുപ്പ് സ്ഥാനാർത്ഥികളെയാണ് പാർട്ടി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മിറ്റിയോഗം പ്രഖ്യാപിച്ചത്.

✪✪✪

കോൺഗ്രസിന്റെ സ്ഥാനാർത്ഥിപട്ടിക ഉച്ചകഴിഞ്ഞ് പ്രഖ്യാപിച്ചേക്കും. ഡൽഹിയിൽ രാത്രി വൈകിയും നേതാക്കൾ യോഗം ചേർന്നെങ്കിലും ഏതാനും മണ്ഡലങ്ങളിലെ ഭിന്നത കാരണം പട്ടിക പൂർണമാക്കാൻ കഴിഞ്ഞിരുന്നില്ല. MP മാർ, നിയമസഭാ തെരഞ്ഞെടുപ്പിൽ മത്സരിക്കേണ്ടന്ന പൊതു തീരുമാനത്തിനെതിരെ നിലപാടിൽ ഉറച്ചുനിൽക്കുന്ന K സുധാകരനെ അനുനയിപ്പിക്കാൻ നേതൃത്വം ശ്രമം തുടരുകയാണ്. സുധാകരന് കണ്ണൂരിൽ മത്സരിക്കാൻ ഇളവ് നൽകിയേക്കുമെന്ന റിപ്പോർട്ടുമുണ്ട്.

✪✪✪

UDF ലെ എല്ലാ സ്ഥാനാർത്ഥികളെയും ഇന്ന് പ്രഖ്യാപിക്കുമെന്ന് പ്രതിപക്ഷ നേതാവ് VD സതീശൻ പറഞ്ഞു. കോൺഗ്രസിലെ എല്ലാ പ്രശ്നങ്ങളും കേന്ദ്ര നേതൃത്വത്തിന്റെ സഹായത്തോടു കൂടി നടത്തിയ ചർച്ചയിൽ പരിഹരിച്ചെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു. K സുധാകരനുമായി സംസാരിച്ചെന്നും, വിവാദങ്ങൾ മാധ്യമസൃഷ്ടിയാണെന്നും VD സതീശൻ അറിയിച്ചു. ഘടക കക്ഷികൾക്കിടയിൽ ഒരു അപസ്വരം പോലും ഇല്ലാതെയാണ് 140 സീറ്റുകളിലെ വിഭജനകാര്യത്തിൽ തീരുമാനമുണ്ടായതെന്നും സതീശൻ അവകാശപ്പെട്ടു.

✪✪✪

നിയമസഭാ തിരഞ്ഞെടുപ്പിൽ ധർമ്മടം മണ്ഡലത്തിലെ LDF സ്ഥാനാർഥി മുഖ്യമന്ത്രി പിണറായി വിജയൻ നാമനിർദ്ദേശ പത്രിക സമർപ്പിച്ചു. തലശ്ശേരി ജില്ലാ രജിസ്ട്രാർ ജനറൽ സച്ചിൻ കൃഷ്ണ മുൻപാകെയാണ് പത്രിക സമർപ്പിച്ചത്. CPIM കേന്ദ്ര കമ്മിറ്റി അംഗം E.P ജയരാജൻ, മുഖ്യമന്ത്രിയുടെ പൊളിറ്റിക്കൽ സെക്രട്ടറി P. ശശി, CPIM കണ്ണൂർ ജില്ലാ സെക്രട്ടറി K.K രാഗേഷ്, CPI നേതാവ് C.N ചന്ദ്രൻ എന്നിവർക്കൊപ്പമാണ് പിണറായി വിജയൻ നാമനിർദേശ പത്രിക സമർപ്പിക്കാൻ എത്തിയത്.

✪✪✪

ആലപ്പുഴ നിയോജക മണ്ഡലത്തിലെ LDF സ്ഥാനാർഥി P.P ചിത്രരഞ്ജൻ നാമനിർദ്ദേശപത്രിക സമർപ്പിച്ചു. ആലപ്പുഴ RDO സമീർ കിഷൻ മുമ്പാകെയാണ് നാമ നിർദ്ദേശ പത്രിക സമർപ്പിച്ചത്.

✪✪✪

UDF പ്രഖ്യാപിച്ച പിന്തുണ സ്വീകരിക്കുന്നതായി അമ്പലപ്പുഴയിലെ സ്വതന്ത്ര സ്ഥാനാർത്ഥി G സുധാകരൻ അറിയിച്ചു. വിജയത്തിനു വേണ്ടി പ്രവർത്തിക്കുന്ന UDF ന് നന്ദിയറിയിച്ച് G സുധാകരൻ ഫേസ്ബുക്കിൽ എഴുതിയ കുറിപ്പിലാണ് ഇക്കാര്യം അറിയിച്ചത്. UDF ന്റെ ബുദ്ധിപൂർവ്വ നിലപാട് ചരിത്രത്തിൽ രജത രേഖയായി സ്ഥാനം പിടിക്കുമെന്നും, CPIM നേതൃത്വം രാഷ്ട്രീയമായി പരാജയപ്പെട്ടെന്നും സുധാകരൻ വ്യക്തമാക്കി. മൂന്നാമൂഴമെന്ന മുഖ്യമന്ത്രിയുടെ സ്വപ്നം വിഫലമാകുമെന്നും G സുധാകരൻ ഫേസ്ബുക്കിൽ കുറിച്ചു.

✪✪✪

പാർട്ടിക്കുള്ളിലെ പ്രശ്നങ്ങൾ ലീഗ് സംസ്ഥാന നേതൃത്വവുമായി ചർച്ച ചെയ്തെന്ന് പാർട്ടിക്കെതിരെ പരസ്യ നിലപാടെടുത്ത മുസ്ലീം ലീഗ് നേതാവ് അബ്ദുറഹ്മാൻ രണ്ടത്താണി പറഞ്ഞു. പാർട്ടിയെ പ്രതിസന്ധിയിലാക്കാൻ ശ്രമിച്ചിട്ടില്ലെന്നും ചില വിഷയങ്ങളിൽ ഉണ്ടായിരുന്ന വേദന അറിയിക്കുകയായിരുന്നു ലക്ഷ്യമെന്നും അദ്ദേഹം വിശദീകരിച്ചു. മുസ്ലീം ലീഗിൽ\ഉറച്ചു നിൽക്കുമെന്നും അബ്ദുറഹ്മാൻ രണ്ടത്താണി വ്യക്തമാക്കി.

✪✪✪

നിയമസഭാ തിരഞ്ഞെടുപ്പിൽ മത്സരിക്കാനില്ലെന്ന് മുൻ ഗോവ ഗവർണറും, BJP നേതാവുമായ P.S ശ്രീധരൻ പിള്ള കോഴിക്കോട്ട് പറഞ്ഞു. സംസ്ഥാനത്തെ UDF ഉം, LDF ഉം അവസരവാദ രാഷ്ട്രീയമാണ് കൈകാര്യം ചെയ്യുന്നതെന്ന് അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു. സ്ഥാനാർഥിത്വം കിട്ടാത്തവർ - പാർട്ടി മാറുന്ന രീതി ശരിയല്ലെന്നും ശ്രീധരൻപിള്ള അഭിപ്രായപ്പെട്ടു.

✪✪✪

മൂന്ന് മുന്നണികളുടെയും സ്ഥാനാർത്ഥി ചിത്രം തെളിഞ്ഞതോടെ പാലക്കാട് മണ്ഡലത്തിൽ തിരഞ്ഞെടുപ്പ് പ്രചാരണത്തിന് ചൂട് പിടിച്ചു.

പാലക്കാട്ട് നിന്ന് ഫൈസൽ അലിമുത്ത്.

......(വോയ്സ് )....................

✪✪✪

പൊതുഅവധി ദിവസങ്ങളിൽ നിയമസഭാ തിരഞ്ഞെടുപ്പിലേക്ക് നാമനിർദ്ദേശ പത്രിക സ്വീകരിക്കില്ലെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ U

കേൽക്കർ അറിയിച്ചു. അടുത്ത തിങ്കളാഴ്ച വരെയാണ് പത്രിക സമർപ്പിക്കാൻ സമയം അനുവദിച്ചിരിക്കുന്നത്.

പത്രിക നൽകാൻ പരിമിതമായ സമയം മാത്രമേ ലഭ്യമാകൂ എന്നതിനാൽ, രാഷ്ട്രീയ പാർട്ടികൾ സ്ഥാനാർത്ഥികൾക്ക് ഇതു സംബന്ധിച്ച് കൃത്യമായ നിർദ്ദേശം നൽകണമെന്നും ഡോ. ഖേൽക്കർ ആവശ്യപ്പെട്ടു.

✪✪✪

നിയമസഭാ തിരഞ്ഞെടുപ്പിൽ വീട്ടിൽ വോട്ടു ചെയ്യുന്നവർക്ക് അപേക്ഷ നൽകാൻ സമയപരിധി നാളെ അവസാനിക്കും. അപേക്ഷകർക്ക് തിരഞ്ഞെടുപ്പ് കമ്മീഷന്റെ പോർട്ടലിൽ നിന്നു ഡൗൺലോഡ് ചെയ്തെടുത്ത ഫോം 12-ഡിയിൽ ബൂത്ത് ലവൽ ഓഫീസർക്കോ റിട്ടേണിങ്ങ് ഓഫീസർക്കോ നേരിട്ട് നൽകാമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ അറിയിച്ചു.

85 വയസ് പിന്നിട്ടവർക്കും 40 ശതമാനത്തിലേറെ ഭിന്ന ശേഷി നേരിടുന്നവർക്കുമാണ് നിയമസഭാ തിരഞ്ഞെടുപ്പിൽ വീട്ടിൽ വോട്ടു ചെയ്യാനാവുക.

അഗ്നിരക്ഷാസേന പോലെ അവശ്യ സർവീസ് മേഖലയിൽ ജോലി ചെയ്യുന്നവർക്ക് അവരവരുടെ സ്ഥലത്ത് വോട്ടു ചെയ്യാൻ സൗകര്യമുണ്ട്. പോളിങ് ഡ്യൂട്ടി ഉദ്യോഗസ്ഥർക്ക് പരിശീലനസമയത്തും മറ്റുമായി തയാറാക്കുന്ന വോട്ടർ ഫെസിലിറ്റേഷൻ കേന്ദ്രങ്ങളിൽ വോട്ടു ചെയ്യാനാകും.

✪✪✪

ഡോക്ടർ വന്ദനദാസ് വധക്കേസിൽ ശിക്ഷാവിധി അൽപ്പസമയത്തിനകം ഉണ്ടാകും. കൊല്ലം അഡീഷണൽ സെഷൻസ് കോടതിയാണ് വിധി പറയുന്നത്. പ്രതി സന്ദീപിനെ കോടതിയിൽ എത്തിച്ചു. ഇയാൾ കുറ്റക്കാരനെന്ന് കോടതി കഴിഞ്ഞദിവസം കണ്ടെത്തിയിരുന്നു.

✪✪✪

ചൈത്ര ശുക്ലദി, ഉഗാദി, ഗുഡി പദ്വ, ചേതി ചന്ദ്, നവ്‌രേഹ്, സാജിബു-ചെറോബ എന്നീ ആഘോഷ വേളയിൽ രാജ്യത്തെ പൗരന്മാർക്ക് രാഷ്ട്രപതി ദ്രൗപതി മുർമു, ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്രമോദി എന്നിവർ ആശംസ നേർന്നു. ഇന്ത്യയുടെ സമ്പന്നമായ സാംസ്കാരിക വൈവിധ്യത്തിന്റെ സന്തോഷകരമായ പ്രതീകങ്ങളാണ് ഈ ഉത്സവങ്ങളെന്നും എല്ലാവരുടെയും ജീവിതത്തിൽ സമൃദ്ധിയും പുതിയ പ്രതീക്ഷയും കൊണ്ടുവരട്ടെയെന്നും രാഷ്ട്രപതി ആശംസിച്ചു.

രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ആഘോഷിക്കുന്ന ഉത്സവങ്ങൾ പരമ്പരാഗത പുതുവത്സരത്തിന്റെ തുടക്കം കുറിക്കുകയും വസന്തത്തിന്റെ വരവ് പ്രഖ്യാപിക്കുകയും നവീകരണത്തിന്റെയും പുതിയ തുടക്കത്തിന്റെയും ചൈതന്യം ഉൾക്കൊള്ളുകയും ചെയ്യുന്നുവെന്ന് ഉപരാഷ്ട്രപതി സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

പുതുവർഷത്തിന്റെ വരവിനെ അടയാളപ്പെടുത്തുന്ന ഉത്സവമാണിതെന്നും, പുതുവർഷം എല്ലാവർക്കും സന്തോഷവും വിജയവും നല്ല ആരോഗ്യവും കൊണ്ട് നിറയട്ടെയെന്നും പ്രധാനമന്ത്രി നരേന്ദ്രമോദിയും ആശംസിച്ചു.

✪✪✪

ഏറ്റവും കുറഞ്ഞ ശിശു മരണനിരക്കോടെ ഇന്ത്യ ആഗോളതലത്തിൽ മുൻനിര മാതൃകയായി മാറിയെന്ന് ഐക്യരാഷ്ട്രസഭയുടെ ഇന്റർ-ഏജൻസി ഗ്രൂപ്പ് റിപ്പോർട്ട് വ്യക്തമാക്കി.

1990-ലെ നവജാത ശിശു മരണനിരക്ക് ആയിരത്തിന് 57 എന്നതിൽ നിന്ന് 2024-ൽ 17 ആയി കുറഞ്ഞു.

✪✪✪

ഇറാനിലെ പ്രകൃതിവാതക പാടത്ത് ഇസ്രയേൽ നടത്തിയ ആക്രമണത്തെക്കുറിച്ച് അമേരിക്കയ്ക്ക് ഒന്നുമറിയില്ലെന്ന് പ്രസിഡണ്ട് ഡൊണാൾഡ് ട്രംപ് പറഞ്ഞു. ഖത്തറിനെ വിവേകരഹിതമായി ആക്രമിച്ചാൽ ഇറാനെതിരെ വൻതോതിൽ ആക്രമണം നടത്തുമെന്നും ട്രംപ് മുന്നറിയിപ്പ് നൽകി. വാതകപ്പാടം ആക്രമിച്ചതിൽ വാഷിംഗ്ടണിന് ഒരു പങ്കുമില്ലെന്നും ട്രംപ് വ്യക്തമാക്കി.

✪✪✪

പശ്ചിമേഷ്യയിലെ ഊർജ്ജമേഖലയടക്കം അടിസ്ഥാന സൗകര്യങ്ങൾക്ക് നേരെയുണ്ടായ ആക്രമണത്തെ തുടർന്ന് എണ്ണവില നാല് ശതമാനത്തിലധികം വർദ്ധിച്ചു. അന്താരാഷ്ട്ര വിപണിയിൽ ബ്രെൻഡ് ക്രൂഡ് ഓയിലിന്റെ വില 111.78 ഡോളറായിരുന്നു. ഇത് ഇന്നലെ 4.10 ശതമാനമായാണ് വർദ്ധിച്ചത്. ലോകത്തെ ഏറ്റവും വലിയ വാതകപ്പാടം ഇറാനിലെ സൗത്ത്പാർസ്, ഇസ്രയേൽ ആക്രമിച്ചതിനെ തുടർന്നാണ് എണ്ണവില ഉയർന്നത്. ഊർജ്ജ- അടിസ്ഥാന സൗകര്യങ്ങൾക്കെതിരായ ആക്രമണങ്ങൾ ആഗോള ഊർജ്ജ സുരക്ഷയ്ക്ക് ഭീഷണിയാണെന്ന് ഖത്തർ അറിയിച്ചു.

✪✪✪

പാകിസ്ഥാനും അഫ്ഗാനിസ്ഥാനും തമ്മിൽ താൽക്കാലികമായി വെടിനിർത്തൽ പ്രഖ്യാപിച്ചു. ഈദുൽ ഫിതർ ദിനത്തിലാണ് വെടിനിർത്തൽ. സൗദി അറേബ്യ, തുർക്കി, ഖത്തർ എന്നീ രാജ്യങ്ങളുടെ അഭ്യർത്ഥനയെ തുടർന്നാണ് തീരുമാനം.

✪✪✪

ഗ്യാസ് സിലിണ്ടർ ബുക്കിംഗിന്റെയും ബിൽ അപ്ഡേഷന്റെയും പേരിൽ സംസ്ഥാനത്ത് സൈബർ തട്ടിപ്പ് സംഘങ്ങൾ സജീവമാകുന്നതായി സ്റ്റേറ്റ് പൊലീസ് മീഡിയ സെന്റർ മുന്നറിയിപ്പ് നൽകി. ഫോണിലേക്ക് വരുന്ന ടെക്സ്റ്റ് മെസ്സേജിൽ 'GAS BILL UPDATE APK' എന്ന ഫയൽ അയച്ചു നൽകിയാണ് തട്ടിപ്പ്. ഈ APK ഫയൽ ഇൻസ്റ്റാൾ ചെയ്യുന്നതോടെ ഫോണിന്റെ പൂർണ്ണ നിയന്ത്രണം തട്ടിപ്പുകാരുടെ കൈവശമാകുമെന്ന് അറിയിപ്പിൽ പറയുന്നു.

യാതൊരു കാരണവശാലും ഇത്തരം ആപ്പ് ഇൻസ്റ്റാൾ ചെയ്യരുതെന്ന് പൊലീസ് മുന്നറിയിപ്പ് നൽകി.

✪✪✪

സ്വർണവില കുറഞ്ഞു. പവന് 2,,040 രൂപ താഴ്ന്ന് ഒരു ലക്ഷത്തി 13,400 രൂപയായി. 14,175 രൂപയാണ് ഗ്രാമിന് ഇന്നത്തെ വില.

✪✪✪

ഇന്ന് ശവ്വാൽ മാസപ്പിറവി കാണാൻ സാധ്യതയുണ്ടെന്നും പിറവി ദർശിക്കുന്നവർ വിവരമറിയിക്കണമെന്നും പാണക്കാട് സയ്യിദ് സ്വാദിഖ് അലി ശിഹാബ് തങ്ങൾ അടക്കം മതപണ്ഡിതർ ആവശ്യപ്പെട്ടു.

✪✪✪

സംസ്ഥാന ഹജ്ജ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ കൊച്ചയിൽ നിന്ന് ഈ വർഷത്തെ ആദ്യ ഹജ് വിമാനം ഏപ്രിൽ 30ന് യാത്രാ പുറപ്പെടുമെന്ന് കമ്മിറ്റി കേന്ദ്രങ്ങൾ അറിയിച്ചു. ഉച്ചയ്ക്ക് 2.10ന് പുറപ്പെടുന്ന വിമാനം വൈകിട്ട് 5.30ന് ജിദ്ദയിൽ എത്തും. 20 സർവ്വീസുകളാണ് കൊച്ചിയിൽ നിന്ന് ഷെഡ്യൂൾ ചെയ്തിരിക്കുന്നത്.

✪✪✪

---

*News Editor & News Reader: വി കെ സുരേഷ്*
*News Team : ശ്രുതി എം, ഫസ്ന ഫാത്തിമ*
*DEO: ഷീബ*